# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നംമ്പർ : 4093/11/12/2023/ TVM**

പരാതികക്ഷി : വിജയമ്മ.കെ,ശിവശക്തി
തണ്ട്രാം പൊയ്ക,വെഞ്ഞാറമൂട്.പി.ഒ
തിരുവനന്തപുരം

എതിർകക്ഷികൾ : ശുഭല,വിളയിൽ വീട്
അയിരൂർക്കോണ, തണ്ട്രാം പൊയ്ക
വെഞ്ഞാറമൂട്.പി.ഒ

**ഉത്തരവ് തീയതി 27.05.2024**

പരാതികക്ഷിയുടെ അയൽവാസിയായ എതിർകക്ഷി 2012 വർഷത്തിൽ നടത്തിയ ചിട്ടിയിൽ പരാതികക്ഷിക്ക് പണം നൽകാനുണ്ടെന്നും ആയത് ആവശ്യപ്പെടുമ്പോൾ ടിയാൾ ചീത്ത വിളിക്കുന്നതായും ഇക്കാര്യത്തിൽ വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ട് നടപടി ഒന്നും ഉണ്ടാകുന്നില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ വെഞ്ഞാറമൂട് പോലീസ് ഇൻസ്പെക്ടർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. ഇരുകക്ഷികളും തമ്മിൽ സാമ്പത്തികമായ തർക്കം നിലനിൽക്കുന്നതായും, കോടതിവഴി തർക്കപരിഹാരം കണ്ടെത്തുവാൻ ഇരുകക്ഷികളെയും ബോധ്യപ്പെടുത്തിയിട്ടുള്ളതായും റിപ്പോർട്ടിൽ കാണുന്നു.

പരാതിയിലെ എതിർകക്ഷി ഹാജരായി ആരോപണങ്ങൾ നിഷേധിക്കുകയുണ്ടായി. പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും കക്ഷികളെ നേരിൽ കേൾക്കുകയും ചെയ്തു. ഇരുകക്ഷികളും തമ്മിലുള്ള സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട തർക്കങ്ങളാണ് പരാതിക്കടിസ്ഥാനം. ഇപ്രകാരമുള്ള തർക്കങ്ങൾ ഈ കമ്മീഷനിലൂടെ പരിഹരിക്കാൻ സാധിക്കുകയില്ല. ആയതിനാൽ ഈ പരാതിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലായെന്ന് കണ്ട് തീർപ്പാക്കുന്നു.

ഒപ്പ്
കെ.ബൈജുനാഥ്
ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

//ശരിപ്പകർപ്പ്// രജിസ്ട്രാർ I/C